മലയാള മനോരമ
ESTABLISHED 1888

17 February 2017

# മീനുകളെ തിരിച്ചറിയാനും മൊബൈൽ ആപ്

## ആപ് പുറത്തിറക്കുന്നത് സിഎംഎഫ്ആർഐ

കൊച്ചി ● മീനുകളെ തിരിച്ചറിയാൻ മൊബൈൽ ആപ്പുമായി സിഎംഎഫ്ആർഐ. പവിഴപ്പുറ്റുകളുമായി ബന്ധപ്പെട്ട 368 അലങ്കാര, ഭക്ഷ്യ മത്സ്യയിനങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതാണ് ആപ്. മീനുകളുടെ ഇനം തിരിച്ചുള്ള വിപണനത്തിനു സഹായകരമാകുന്ന വിധത്തിലാണ് ആപ് പുറത്തിറക്കുന്നത്. കടൽ മീനുകൾ കയറ്റുമതി വ്യാപാരം നടത്തുന്നവർക്ക് ഇത് ഏറെ സഹായകരമാകും. കാഴ്ചയിൽ ഒരുപോലിരിക്കുന്ന മീനുകളെ തിരിച്ചറിയേണ്ടതു കയറ്റുമതി വ്യാപാരത്തിന് അനിവാര്യമാണ്.

സമാനരൂപത്തിൽ കാണപ്പെടുന്ന മത്സ്യയിനങ്ങളുടെ വേർതിരിവു ലളിതമായി തിരിച്ചറിയാൻ ആപ് വഴി സാധിക്കും.

വാണിജ്യാടിസ്ഥാനത്തിൽ വിപണിയിൽനിന്നു മത്സ്യം വാങ്ങുന്ന ഉപഭോക്താക്കൾക്കും സഹായകരമായ ആപ് ഇന്റർനെറ്റ് കണക്ഷൻ ഇല്ലാതെ തന്നെ ഉപയോഗിക്കാവുന്ന രീതിയിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. സിഎംഎഫ്ആർഐയിലെ അടിത്തട്ട് മത്സ്യവിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. രേഖ ജെ. നായരാണ് ആപ് വികസിപ്പിച്ചെടുത്തത്.

നാളെ ഉച്ചയ്ക്ക് 2.30നു നടക്കുന്ന സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടന വേളയിൽ ഗവർണർ ജസ്റ്റിസ് പി. സദാശിവം ആപ് ഔദ്യോഗികമായി പുറത്തിറക്കും. ഇതിനു ശേഷം സിഎംഎഫ്ആർഐയുടെ വെബ്സൈറ്റിൽ നിന്നു (www.cmfri.org.in) ഡൗൺലോഡ് ചെയ്യാം.